**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1047.** **05.02.2020 ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി വസ്തുക്കളുടെ വിൽപന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ബി. സത്യൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി വസ്തുക്കൾ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് 2019 ജനുവരി ഒന്ന് മുതൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ; | (എ) | (see table below) |
| (ബി) | വിദ്യാലയങ്ങളിൽ ലഹരി വിമുക്തിയുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇവ ഗുണപരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും, കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ കോളേജ് തലത്തിൽ 732 ക്ലബ്ബുകളും സ്കൂൾ |

(എ)

| ക്രമ നമ്പർ | ജില്ല | കേസുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 2024 |
| 2 | കൊല്ലം | 820 |
| 3 | പത്തനംതിട്ട | 7 |
| 4 | ആലപ്പുഴ | 45 |
| 5 | കോട്ടയം | 63 |
| 6 | ഇടുക്കി | 6 |
| 7 | എറണാകുളം | 677 |
| 8 | തൃശ്ശൂർ | 101 |
| 9 | പാലക്കാട് | 546 |
| 10 | മലപ്പുറം | 59 |
| 11 | കോഴിക്കോട് | 43 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | 313 |
| | **ആകെ** | **4709** |

| | | | |
|---|---|---|---|
| | | | തലത്തിൽ 4381 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥരും തങ്ങൾക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബിലെ കൺവീനർമാർ പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങിയ പ്രവണതകൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുവാനും ഒരോ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2019 നവംബർ 14-ന് 23 ലക്ഷം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിക്കുകയും 2019 ഡിസംബർ 4-ന് 27 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു. സംസ്ഥാനത്തെ യൂണിവേഴ്സിറ്റി യൂണിയനുകളുടെ സഹകരണത്തോടെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ കലാലയങ്ങളിലും ബോധവത്ക്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളിൽ ലഹരി വിരുദ്ധ ഉപന്യാസ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം, ചിത്ര രചനാ മത്സരം എന്നിവ നടത്തിയിട്ടുള്ളതാണ്. സ്കൂളുകളിൽ നടത്തിവരുന്ന ഇത്തരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുള്ളതാണ്. |
| (സി) | നിരോധിത ലഹരി വസ്തുവായ പാൻപരാഗ് വിൽപനയുമായി ബന്ധപ്പെട്ട് 2019-ൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. |

| ക്രമ നമ്പർ | ജില്ല | കേസുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 1999 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 5340 |

| | | | | | |
|---|---|---|---|---|---|
| | | | 5 | കോട്ടയം | 53 |
| | | | 6 | ഇടുക്കി | 18 |
| | | | 7 | എറണാകുളം | 446 |
| | | | 8 | തൃശ്ശൂർ | 265 |
| | | | 9 | പാലക്കാട് | 162 |
| | | | 10 | മലപ്പുറം | 22 |
| | | | 11 | കോഴിക്കോട് | 437 |
| | | | 12 | വയനാട് | 2 |
| | | | 13 | കണ്ണൂർ | 0 |
| | | | 14 | കാസർഗോഡ് | 2163 |
| | | | | ആകെ | **10907** |

സെക്ഷൻ ഓഫീസർ